# *2016 ആഗസ്റ്റ്, സെപ്റ്റംബർ , ഒക്ടോബർ മാസങ്ങളിലേയ്ക്കുള്ള കുരുമുളകിന്റെ വില പ്രവചനം*

### കുരുമുളക് വിലയിൽ വർദ്ധനവിന് സാധ്യത

ആഗോള കുരുമുളകുല്പാദകരിൽ വിയറ്റ്നാമിനും ഇൻഡോനേഷ്യക്കും പിന്നിൽ മൂന്നാം സ്ഥാനത്താണ് ഇന്ത്യ. സ്പൈസസ് ബോർഡിന്റെ കണക്കുകൾ പ്രകാരം 2014–15ൽ ഇന്ത്യയിലെ കുരുമുളക് ഉല്പാദനം 70000 ടൺ ആയിരുന്നു. ഇതിൽ 47 ശതമാനം കർണ്ണാടകയും 40 ശതമാനം കേരളവും ഉല്പാദിപ്പിച്ചു. കടുത്ത വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും മൂലം 2015–16ൽ ഇന്ത്യയിലെ ഉല്പാദനം 55,000 ടണ്ണിലേക്ക് താഴുമെന്നും ശ്രീലങ്കയിലും ഇൻഡോനേഷ്യയിലും ഉല്പാദനം കുറയുമെന്നും കണക്കാക്കപ്പെടുന്നു. 2016ൽ വിയറ്റ്നാം ഒഴികെ മറ്റെല്ലാ രാജ്യങ്ങളിലും കുരുമുളകുല്പാദനം കുറയുവാൻ സാധ്യതയുണ്ട്.

തരം തിരിക്കാത്ത കുരുമുളകിന്റെ കൊച്ചി മാർക്കറ്റിലെ വില 2016 മാർച്ചിൽ കിലോഗ്രാമിന് 618 രൂപ എന്ന നിരക്കിൽ നിന്നും വർദ്ധിച്ച് ഏപ്രിലിൽ 685 രൂപയായി. കുരുമുളകിന്റെ വിപണിയിലെ ലഭ്യത കുറഞ്ഞപ്പോഴും ആവശ്യകത വർദ്ധിച്ചുകൊണ്ടിരുന്നതുമൂലമാണ് മാർച്ച് ഏപ്രിൽ മാസങ്ങളിൽ വിലയിൽ വർദ്ധനവ് രേഖപ്പെടുത്തിയത്. കുരുമുളക് സീസൺ ആരംഭിച്ചിട്ടും വരവിലുണ്ടായ കുറവുമൂലം 2016 മേയ് മുതൽ ജൂലൈ വരെയുള്ള കാലയളവിൽ കുരുമുളകിന്റെ വില 685 രൂപയ്ക്കും 700 രൂപയ്ക്കും ഇടയിൽ തുടർന്നു. 2016ൽ ഉല്പാദനത്തിൽ കുറവുണ്ടാകുമെന്ന് കരുതപ്പെടുന്നതിനാൽ നീക്കിയിരിപ്പുള്ളവർ വരാനിടയുള്ള വില വർദ്ധനയിൽ പ്രതീക്ഷയർപ്പിച്ച് ഉല്പന്നം പിടിച്ച് വെക്കുന്ന പ്രവണത കാണുന്നുണ്ട്.

വിപണിയിലെ ലഭ്യതക്കുറവും വർദ്ധിച്ചു വരുന്ന ആവശ്യകതയും മൂലം കുരുമുളകിന്റെ ഇറക്കുമതിയിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നു. 2015–16 സാമ്പത്തിക വർഷത്തിൽ മൂല്യ വർദ്ധിത ഉല്പാദകർ ഇറക്കുമതി ചെയ്ത 22,312 ടൺ കുരുമുളകിന്റെ 39 ശതമാനം ശ്രീലങ്കയിൽ നിന്നും 34 ശതമാനം വിയറ്റ്നാമിൽ നിന്നുമാണ്. 2016 ഏപ്രിലിൽ തന്നെ 2350 ടൺ കുരുമുളക് ഇറക്കുമതി ചെയ്തതിൽ മുക്കാൽ പങ്കും വിയറ്റ്നാമിൽ നിന്നാണ്. സ്പൈസസ് ബോർഡിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015–16ൽ ഇന്ത്യയിൽ നിന്നും മുൻ വർഷത്തെ അപേക്ഷിച്ച് 30 ശതമാനം വർദ്ധനവോടെ 28,100 ടൺ കുരുമുളക് കയറ്റുമതി ചെയ്തു.

കുരുമുളകിന്റെ വിവിധ സീസണുകളിലുള്ള വിലയുടെ വ്യതിയാനങ്ങളെക്കുറിച്ച് പഠനം നടത്തിയതിൽ നിന്നും 1995നു ശേഷം ജൂലൈ മാസത്തിൽ വില വർദ്ധിക്കുന്നതായി കാണുന്നു. ഒക്ടോബർ മാസം വരെ വില വർദ്ധിക്കുന്ന ഈ പ്രവണത തുടരും. ഇപ്പോഴത്തെ ഉല്പാദനവും ലഭ്യമായ വിപണി വിവരങ്ങളും പരിഗണിക്കുമ്പോൾ 2016 ആഗസ്റ്റിനും ഒക്ടോബറിനുമിടയിൽ വില നേരിയ തോതിൽ വർദ്ധിക്കാനുള്ള പ്രവണത കാണുന്നു.

തരം തിരിക്കാത്ത കുരുമുളകിന്റെ കൊച്ചി മാർക്കറ്റിലെ 1995 മുതൽ 21 വർഷത്തെ പ്രതിമാസ വില എക്കണോമെട്രിക് വിശകലനത്തിന് വിധേയമാക്കിയതിന്റെയും നിലവിലുള്ള വിപണി സാഹചര്യങ്ങളുടേയും, ഐ.സി.എ.ആർ നെറ്റ്‌വർക്ക് പ്രോജക്ട് ഓൺ മാർക്കറ്റ് ഇന്റലിജൻസ് കുരുമുളക് വ്യാപാരികളുടെ ഇടയിൽ നടത്തിയ സർവ്വേയുടെയും അടിസ്ഥാനത്തിൽ 2016 ആഗസ്റ്റിനും ഒക്ടോബറിനുമിടയിൽ വിലയിൽ നേരിയ തോതിൽ വർദ്ധനവുണ്ടാകാനിടയുണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. വിപണിയിലെ സാഹചര്യങ്ങളിൽ മാറ്റമുണ്ടായാൽ ഈ പ്രവചനത്തിലും മാറ്റമുണ്ടാകും. അതിനാൽ കുരുമുളക് വിറ്റഴിക്കുന്നതു സംബന്ധിച്ച് കർഷകർക്ക് ഉചിതമായ തീരുമാനങ്ങളെടുക്കാം

പ്രവചിക്കപ്പെട്ട വിലയുടെ പരിധികൾ താഴെ പറയുന്ന പ്രകാരമായിരിക്കും

| മാസം | പ്രവചിക്കപ്പെട്ട വില (കിലോഗ്രാമിന്) |
|---|---|
| ആഗസ്റ്റ് 2016 | 690-730 |
| സെപ്റ്റംബർ 2016 | 710-750 |
| ഒക്ടോബർ 2016 | 720-760 |

**റിസർച്ച് ടീം**

ഡോ. ജെസി തോമസ് കെ, ഡോ. അനിൽ കുരുവിള,
ഡോ. ചിത്ര പാറയിൽ, ശ്രീ. നൗഷാദ് എ.കെ & കുമാരി. രോഹിണി. കെ
ഐ.സി. എ.ആർ നെറ്റ്വർക്ക് പ്രോജക്റ്റ് ഓൺ മാർക്കറ്റ് ഇന്റലിജൻസ്
ഹോർട്ടിക്കൾച്ചർ കോളേജ്, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശ്ശൂർ